# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 362 — 19.10.2016-ൽ മറുപടിക്ക്

## ജനനി ജന്മരക്ഷാ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. ഒ.ആർ. കേളു<br>ശ്രീ. കെ.ആൻസലൻ<br>ശ്രീ. പി.വി. അൻവർ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | പട്ടികവർഗ്ഗ വിഭാഗത്തിലെ അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി ജനനി ജന്മരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | ഗർഭാവസ്ഥയുടെ മൂന്നാം മാസം കഴിഞ്ഞ് കുഞ്ഞിന് 1 വയസ്സ് തികയും വരെ പ്രതിമാസം 1,000/- രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നു. ഗർഭാവസ്ഥയിലുള്ളവർക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| സി) | മുൻ സർക്കാരിൻെറ കാലത്ത് ആദിവാസികളുടെ ഇടയിൽ പോഷകാഹാരക്കുറവ് മൂലം നിരവധി ശിശുമരണങ്ങൾ ഉണ്ടായ സാഹചര്യ ത്തിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത്? | സി) | ആദിവാസികളുടെ ഇടയിൽ പോഷകാഹാരക്കുറവ് മൂലമുള്ള ശിശുമരണങ്ങൾ പരിഹരിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br>പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ഭക്ഷ്യസഹായ പദ്ധതി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി ജനനി ജന്മരക്ഷാ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. സാമൂഹ്യനീതി വകുപ്പിനു കീഴിൽ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേകം പോഷകാഹാരം നൽകുന്ന പദ്ധതി, പ്രീ സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവ വിതരണം ചെയ്യുന്ന പദ്ധതി, ശിശുക്കൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന പദ്ധതി എന്നിവയും നടപ്പാക്കുന്നു. പെൺകുട്ടികൾക്ക് പൂരക പോഷകാഹാരം വിതരണം ചെയ്യുന്ന ശബല പദ്ധതിയും, പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെൻററി ന്യൂട്രീഷൻ പ്രോഗ്രാം പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>മേൽപ്പറഞ്ഞവ കൂടാതെ ആദിവാസി ശിശുമരണങ്ങൾ |

| | | | |
|---|---|---|---|
| | | | കൂടുതലായി കണ്ടെത്തിയിട്ടുള്ള അട്ടപ്പാടി മേഖലയിൽ ആരോഗ്യ വകുപ്പിനു കീഴിൽ 3 ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെൻററുകൾ പ്രവർത്തിക്കുന്നു. പ്രസ്തുത സെൻററുകളിൽ പോഷകാഹാരക്കുറവുള്ളവരെ കണ്ടെത്തി സെൻററുകളിൽ കൊണ്ടുവന്ന് ആവശ്യമായ പരിചരണവും ചികിത്സയും നൽകുന്നു.<br><br>സാമൂഹ്യനീതി വകുപ്പിനു കീഴിൽ അട്ടപ്പാടി മേഖലയിൽ മൊത്തം 192 ഊരുകളിൽ 93 കമ്മ്യൂണിറ്റി കിച്ചനുകൾ പ്രവർത്തിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 52 കമ്മ്യൂണിറ്റി കിച്ചനുകളാണ് പ്രവർത്തിച്ചിരുന്നത്. ഇവിടെ നിന്നും പാചകം ചെയ്ത ഭക്ഷണം വിതരണം ചെയ്യുന്നു. ബാക്കി ഊരുകളിൽ ഒരു മാസത്തിനുള്ളിൽ കമ്മ്യൂണിറ്റി കിച്ചനുകൾ പ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനു 3.48 കോടി രൂപ കുടുംബശ്രീയ്ക്ക് കൈമാറി.<br><br>പോഷകാഹാരക്കുറവ് മൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ സഹായത്തോടെ കൗൺസലിംഗും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**